# Weekly Devotion - April 2019
# Evaluation of God - Step-2

(ദൈവീക മൂല്യനിർണ്ണയം - ഘട്ടം(2)




ജയിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി വിദ്യാലയത്തിലെത്തി പഠിക്കുകയും, പരീക്ഷ എഴുതുകയും വേണം. കഠിന പ്രയത്നം ചെയ്യുന്നവർക്ക് നല്ല വിജയം ലഭിക്കുന്നു. "വിദ്യാ ധനം സർവ്വധനാൽ പ്രധാനം" എന്ന മലയാള ഭാഷയിലെ പഴമൊഴി ഏവർക്കും സുപരിചിതമാണ്. സർവ്വധനാൽ പ്രധാനമെന്ന് പറയുന്ന ആ ധനം കഠിനപ്രയ്തനത്തിലൂടെ ആർജ്ജിച്ച ശരാശരി ഗ്രേഡുകാരനായ ഒരു തമിഴ്നാട്ടുകാരൻ ബാലനുണ്ടായിരുന്നു. തന്റെ കുടുംബം തകരാതെ നിലനിർത്തുവാൻ ഈ അദ്ധ്വാനിയായ ബാലൻ ദിനപത്രവും വില്ക്കേണ്ടതായി വന്നു. എന്നാൽ  പഠിക്കുവാനുള്ള ആഗ്രഹവും കഠിനാദ്ധ്വാനത്തിനുള്ള മനസ്സും ഈ ബാലന് ഉണ്ടായിരുന്നു. അദ്ദേഹമാണ്. പില്ക്കാലത്ത് ഇന്ത്യയുടെ പ്രഥമ പൗരൻ പദവി കരസ്ഥമാക്കിയ Dr. A.P.J Abdulkhalam അദ്ദേഹത്തിന്റെ വാക്കുകൾ ജ്ഞാനം പകരുന്നതായിരുന്നു കൂടാതെ ഒരു പ്രത്യേക പോസിറ്റീവ് എനർജി മറ്റുള്ളവരിലേക്ക് പകരുന്നതായിരുന്നു ആ വാക്കുകൾ.

Please listen one of them.

" Confidence and hardwork is the best medicine to kill the disease called failure. It will make you a successful person."

ഭൗതീക വിദ്യാഭ്യാസം ആർജ്ജിക്കുന്നവർക്കുള്ള കഷ്ടത, പട്ടിണി, പ്രയാസങ്ങൾ ഇവ ആത്മീക വിദ്യാഭ്യാസ മേഖലയിലും ഉണ്ട്. എത്ര കഷ്ടപ്പെട്ട് പഠിച്ചാലും അർഹമായനിലയിലെത്തിക്കാതെ തടവിലാക്കുന്ന സമൂഹം ആത്മീകലോകത്തിലുമുണ്ട്. പണം, തലത്തൊട്ടപ്പന്മാർ ഇവർ ഉള്ളവർക്കേ ഉയരുവാൻ കഴിയുകയുള്ളൂ എന്ന അവസ്ഥയും അതിജീവിക്കുന്നവരെയാണ് യഹോവ ആഗ്രഹിക്കുന്നത്. യഹോവയുടെ ഈ ആഗ്രഹം കാത്തു സൂക്ഷിച്ച മൂല്യനിർണ്ണയത്തിന്റെ രണ്ടാംഘട്ട ജയാളികളാണ് സ്മർന്ന സഭയിലുള്ളവർ. ഇവിടെ മൂല്യനിർണ്ണയം നടത്തിയ ഗുരുവിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കാം മരിച്ചുയർത്തെഴുന്നേറ്റ ആദ്യനും, അന്ത്യനുമായവനാണ് അദ്ദേഹം.(വെളി:2:8)

മൂല്യനിർണ്ണയം അഭിമുഖീകരിക്കുന്നവർ വിദ്യാലങ്ങളിലെ അഭ്യസനം പൂർത്തിയാക്കുന്നതുപോലെ ആത്മീയലോകത്തുള്ളവർ കടന്നുപോകുന്ന പാഠശാല അഥവാ ദൈവീകചട്ടങ്ങൾ പഠിക്കുന്നത് എവിടെ നിന്ന് എന്ന് സങ്കീ, (11 9:71) ൽ കാണുന്നു. ഭൗതീകപാഠശാലകളിലെ പ്രശ്നങ്ങൾ പോലെ ആത്മീയ പാഠശാലകളിലും ഉണ്ട്. അതായത് ആത്മീകജീവിതത്തിൽ നമ്മെ  കഷ്ടത്തിലാക്കുന്ന അഹങ്കാരികൾ നമ്മെ വിഷമിപ്പിക്കുമ്പോൾ പൂർണ്ണ ഹൃദയത്തോടെ സർവ്വ ശക്തന്റെ പ്രമാണങ്ങളെ അനുസരിച്ചാൽ നമ്മുടെ പഠനം സന്തോഷത്തോടെ പൂർത്തിയാക്കുകയും നാം ജയാളികളാകുകയും ചെയ്യുന്നു.

മൂല്യനിർണ്ണയത്തിന്റെ ഒന്നാമത്തെ point ആണ് കഷ്ടത. കഷ്ടതയുടെ മൂലപദം ത്ലിപ്സിസ് എന്നാണ്. അതായത് രണ്ട് ഭാരങ്ങളുടെ ഇടയിലിരുന്ന് ഞെരിഞ്ഞമരുക. കഷ്ടതയിലും നമ്മെ നടത്തുവാൻ കൂടെ ദൈവമുണ്ട് മുന്നോട്ടുപോക എന്ന നിർദ്ദേശം മാത്രം നാം അനുസരിച്ചാൽ മതി. ഉദാ: പുറ: (14:2-10) മുൻപിൽ ചെങ്കടൽ, പിൻപിൽ ശത്രു, മുന്നോട്ടു പോക എന്ന സ്വർഗ്ഗീയനിർദ്ദേശം മറ്റൊരുവശത്ത് മരണവെപ്രാളം കൊണ്ട് കേട്ട നുസരിക്കുകയല്ലാതെ നിവർത്തിയില്ലാതെ വന്നപ്പോൾ മുൻപോട്ടുപോയവർ ദൈവം ചെയ്ത അത്ഭുതം കണ്ടു. രണ്ടുവശത്തുനിന്നും വന്ന സമ്മർദ്ദത്തെ കാര്യമാക്കാതെ മുൻപോട്ടുപോയ ഈ സഭയിലെ ആളുകളെപ്പോലെ മുൻപോട്ടുപോകുവാൻ നമുക്ക് കഴി യുമോ? എങ്കിൽ നമ്മുക്കും ജയാളികളാകുവാൻ കഴിയും.

രണ്ടാമത്തെ അതിജീവന ഘടകമാണ് ദാരിദ്രം. സ്മർന്ന സഭയിലുള്ളവർ ലോക ദൃഷ്ടിയിൽ ദരിദ്രരെങ്കിലും പ്രബോധനം നിരസിക്കാത്ത ഇവരാണ് യഥാർത്ഥ സമ്പന്നർ എന്ന് ക്രിസ്തു വ്യക്തമാക്കുന്നു, കർത്താവ് സമ്പന്നനായിട്ടും നമ്മെ സമ്പന്നരാക്കുവാ നാണ് അവൻ കാലിത്തൊഴുത്തിൽ ജനിച്ചത്. ദേവാലയത്തിലെ യാഗാർപ്പണ സമയത്ത് രണ്ട് കുറുപ്രാവുകളെയാണ് യാഗം കഴിപ്പിച്ചത്. കടം വാങ്ങിയ പടകിൽ നിന്ന് സുവിശേഷ പറഞ്ഞവൻ കാൽവറിയിൽ സ്വന്തം തോളിൽ തലചായിച്ച് ജീവൻ വെടിഞ്ഞു. കടം വാങ്ങിയ കല്ലറയിൽ ആണ് അവനെ അടക്കം ചെയ്തത്. യോഹ:(1:12) അനുസരിച്ച് ഈ ദൈവത്തെ കൈകൊണ്ട് , ജീവൻ തന്ന ക്രിസ്തുവിൽ വിശ്വസിച്ചാൽ നാം ദൈവമക്കളാ കും, മക്കളായാൽ അവകാശികളുമാണ്. അതായത് നമ്മുടെ പിതാവ് സമ്പന്നനാകയാൽ നാമും സമ്പന്നരാണ്. അതായത് ലോകപ്രകാരം ദരിദ്രരായാലും അവനോടുകൂടെ തേജ സ്ക്കരിക്കപ്പെട്ടവരാകയാൽ നാമും സമ്പന്നരാണ്. അപ്പോൾ നാമും ജയാളികളാണ്.

അടുത്തതായി ശത്രു നമുക്കായി ഒരുക്കുന്ന തടവിനെ ഭയപ്പെടരുത്. യഹൂദന്റെ പള്ളികളിലും സാത്തൻ ആരാധനയാണ്. തടവ് സൃഷ്ടിക്കുന്നത് സാത്താന്റെ ആളുകളാ ണ്.

ഉദാ: പത്രോസ് - അപ്പോ:(12:5-10)

പൗലോസ് - അപ്പോ :16:21-34)

കർത്താവിന്റെ നാമത്തിൽ സഹിക്കുന്ന കഷ്ടതകൾക്ക് ഒരു പരിധിയുണ്ട്. Read 2 കൊരി: (4:16,17) എന്തെല്ലാം പ്രതികൂലങ്ങൾ നേരിട്ടാലും മരണപര്യന്തം വിശ്വസ്തരായവർക്ക് ജീവകി രീടം ലഭ്യമാകുന്നു. കൂടാതെ ജയാളിക്ക് രണ്ടാമതുള്ള മരണത്തിൽ ദോഷം സംഭവിക്കുന്നി ല്ല. രണ്ടാം മരണം നിത്യതീപ്പൊയ്കയാണ്. ഒരിക്കൽ മാത്രം ജനിച്ചവന് രണ്ട് മരണം. രണ്ട് പ്രാവശ്യം ജനിച്ചവന് (വീണ്ടും ജനനം നേടിയവന്) ഒരു മരണം മാത്രമേ ഉള്ളൂ. നാമും നമ്മുടെ സഭയും സമർന്ന സഭയുടെ കൂട്ടത്തിലാണോ? അല്ലെങ്കിൽ മടങ്ങിവരുവാൻ തയാ റാകുക. നിശ്ചയമായും ജയാളികളുടെ പ്രതിഫലം നേടുവാൻ കഴിയും കർത്താവ് സഹാ യിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind